1714

DIRECTORATE OF COLLEGIATE EDUCATION
17 APR 2012
THIRUVANANTHAPURAM

# കേരള സർക്കാർ

## സംഗ്രഹം

**ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - കോളേജ് / സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ അനദ്ധ്യാപക ജീവനക്കാരുടെ അവധി അപേക്ഷ – നിലവിലുള്ള ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം. 626/12/ഉ.വി    തീയതി, തിരുവനന്തപുരം 27/03/2012.

പരാമർശം. 1. 2/12/2009-ലെ സ.ഉ (സാധാ) നം. 2025/09/ഉ.വി നം. ഉത്തരവ്.
2. 1/12/2011-ലെ സ.ഉ (സാധാ) നം. 1948/2011/ഉ.വി.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 28/11/2011-ലെ സി 4/43344/2011/കോ.വി.വ നമ്പർ കത്ത്.

## ഉത്തരവ്

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിലെ അദ്ധ്യാപക / അനദ്ധ്യാപക ജീവനക്കാരുടെ ദീർഘകാല അവധി അപേക്ഷ / അവധി ദീർഘിപ്പിച്ച് നല്കുന്നതിനുള്ള അപേക്ഷ എന്നിവ സംബന്ധിച്ച് ചില നിബന്ധനകൾ ക്രോഡീകരിച്ച് പരാമർശം (1), (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം 1-ലെ ഉത്തരവ് പ്രകാരം അദ്ധ്യാപകരോടൊപ്പം അനദ്ധ്യാപക ജീവനക്കാർക്കും Rule 88, 91, 91 A, Appendix XII A / XII B, XII C പ്രകാരം ദീർഘകാല ശൂന്യവേതനാവധി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ ചേർക്കുന്ന വ്യവസ്ഥകൾ ബാധകമാക്കി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

1) ലീവ് അനുവദിക്കുന്ന സാഹചര്യത്തിൽ ലീവ് കാലാവധിക്ക് തത്തുല്യമായ കാലാവധി സേവനം നല്കേണ്ടതും അങ്ങനെയുള്ള സേവനം നല്കാത്ത പക്ഷം ലീവ് കാലാവധിക്ക് നല്കേണ്ടി വരുന്ന തുക സാമ്പത്തിക ബാദ്ധ്യതയായി കണക്കാക്കേണ്ടതാണ് എന്ന വ്യവസ്ഥ അംഗീകരിച്ച് അപേക്ഷകൻ അപേക്ഷയോടൊപ്പം ബോണ്ട് സമർപ്പിക്കേണ്ടതാണ്.

2) Rule 88, 91, 91 A, Appendix XII B പ്രകാരം ജീവനക്കാർ സമർപ്പിക്കുന്ന അവധി അപേക്ഷ പരിഗണിക്കുന്നതിനായി അപേക്ഷകൻ ഉൾപ്പെട്ട വിഷയത്തിൽ / വിഭാഗത്തിൽ staff strength-ന്റെ 80%-ത്തിൽ അധികം റെഗുലർ ജീവനക്കാർ ഉണ്ടായിരിക്കേണ്ടതാണ്.

അനദ്ധ്യാപക ജീവനക്കാരെ സംബന്ധിച്ച് മേൽപ്പറഞ്ഞ വ്യവസ്ഥകൾ നീതിയുക്തമല്ല എന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിൻ കീഴിലെ സ്ഥാപനങ്ങളിലെ അനദ്ധ്യാപക ജീവനക്കാർക്ക് Rule 88, 91, 91 A, Appendix XII A / XII B, XII C പ്രകാരം ദീർഘകാല ശൂന്യവേതനാവധി അനുവദിക്കുന്നതിന് മേൽപ്പറഞ്ഞ വ്യവസ്ഥകളിൽ ഇളവ് വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

സർക്കാരിന്റെ പരിഗണനയിലേക്ക് ഇനിമുതൽ വരുന്ന എല്ലാ അവധി അപേക്ഷകൾക്കും മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ ബാധകമാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
ഫിന്നി സഖറിയ
ഡെപ്യൂട്ടി സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഉന്നത വിദ്യാഭ്യാസ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ